## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.506** **29.11.2018-ൽ മറുപടിക്ക്**

## ഇ-വേ ബിൽ സംവിധാനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | ഇ-വേ ബിൽ സംവിധാനം നിലവിൽ വന്നശേഷം ഇതുസംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം ഫലപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. അന്തർസംസ്ഥാന ചരക്കുനീക്കങ്ങളുടെ കൃത്യമായ വിവരങ്ങൾ ജി.എസ്.ടി.ഐ.എൻ സോഫ്റ്റ് വെയറിന്റെ അടിസ്ഥാനത്തിൽ തീയതി, സമയം അനുസരിച്ച് ക്രോഡീകരിച്ച വിവരം ലഭ്യമാണ്. ചെക്ക്പോസ്റ്റുകൾ ഇല്ലാതായ സാഹചര്യത്തിൽ ഇ-വേ ബിൽ സമ്പ്രദായം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ വിപുലപ്പെടുത്തി കൂടുതൽ സ്ക്വാഡുകളെ ഇ-വേ ബിൽ പരിശോധിക്കുന്നതിലേക്കായി നിയോഗിച്ചിട്ടുണ്ട്. ഇതിന്റെ ഫലമായി നികുതിവരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. |
| (ബി) | ജി. എസ്. ടി. യിൽ പൂർണ്ണമായ രീതിയിൽ റിട്ടേണുകൾ ഫയൽ ചെയ്യാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണതോതിൽ സംസ്ഥാനത്തിന് ലഭ്യമല്ലാത്ത സാഹചര്യത്തിലും എപ്രകാരമാണ് ഇ-വേ ബിൽ പരിഷ്കരണം നടപ്പിൽ വരുത്തുന്നത്; | (ബി) | ജി.എസ്.ടി യിൽ വിശദമായ റിട്ടേൺ സ്ക്രൂട്ടിണി പ്രാധനമായും നടത്തുന്നത് വാർഷിക റിട്ടേണിന്റെ അടിസ്ഥാനത്തിലാണ്. ഇത് ഫയൽ ചെയ്യാനുള്ള അവസാന തീയതി 2018 ഡിസംബർ 31 ആണ്. ഇത്തരം റിട്ടേണുകൾ ലഭ്യമാകുമ്പോൾ ഇ-വേ ബിൽ പ്രകാരമുള്ള വിശദാംശങ്ങൾ താരതമ്യം ചെയ്ത് നികുതിവെട്ടിപ്പ് നടന്നിട്ടുണ്ടോയെന്ന് പരിശോധിക്കാവുന്നതാണ് |
| (സി) | ജി. എസ്. ടി യിൽ നികുതി വെട്ടിപ്പ് നടക്കുന്നുവെന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; പല മേഖലകളിലേയും വ്യാപാരികൾ അനർഹമായ ഇൻപുട്ട് ക്രെഡിറ്റ് | (സി) | ചില കേസ്സുകളിൽ കണ്ടെത്തിയിട്ടുണ്ട്. ജി.എസ്.ടി റിട്ടേൺ വിശദാംശങ്ങൾ പൂർണ്ണമായി ലഭ്യമല്ലാത്തതിനാൽ 2018 ഡിസംബർ 31-ഓടുകൂടി ഫയൽ ചെയ്യപ്പെടുന്ന വാർഷിക റിട്ടേണിന്റെ അടിസ്ഥാനത്തിൽ |

| | | | |
|---|---|---|---|
| | അധികമായി നടത്തുന്ന സാഹചര്യത്തിൽ ഇത്തരക്കാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; | | ഇതിനകം ഫയൽ ചെയ്തിട്ടുള്ള ജി.എസ്.ടി.ആർ 3 ബി, ജി.എസ്.ടി.ആർ 1, ഇ-വേ ബിൽ എന്നിവയുമായി ഒത്തുനോക്കി അനർഹമായ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമായിട്ടുണ്ടോ എന്ന് പരിശോധിച്ച് നിയമപ്രകാരമുള്ള തുടർനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | അടുത്ത സാമ്പത്തിക വർഷം ജി. എസ്. ടി. നികുതി വരുമാന വളർച്ച 20 ശതമാനത്തിലേക്ക് ഉയർത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ? | (ഡി) | 2017-18 വ്യാപാരികളുടെ സാമ്പത്തികവർഷത്തിലെ വാർഷികറിട്ടേണും ഓഡിറ്റഡ് സ്റ്റേറ്റ്മെന്റും ലഭ്യമാകുമ്പോൾ ചരക്കുസേവനനികുതി വകുപ്പിന് കൂടുതൽ കാര്യക്ഷമമായി റിട്ടേൺ സ്ക്രൂട്ടിനിയും തുടർനടപടികളും സ്വീകരിക്കാൻ കഴിയും. കൂടാതെ, അന്തർസംസ്ഥാന ചരക്കുനീക്കത്തിന്റെയും സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കത്തിന്റെയും വിശദമായ വിവരങ്ങൾ ഇ-വേ ബില്ലിൽ നിന്ന് ലഭ്യമാകുമെന്നതിനാൽ റിട്ടേണിൽ വിവരങ്ങളുടെ കൃത്യതയും നികുതി യഥാസമയം അടയ്ക്കുന്നു എന്നുള്ളതും ഉറപ്പുവരുത്താൻ കഴിയും. പരമാവധി മൂല്യവർദ്ധിത നികുതിയുമായി ബന്ധപ്പെട്ട നികുതിനിർണ്ണയങ്ങൾ ഈ വർഷം തന്നെ പൂർത്തിയാക്കി 2018-19 ജി.എസ്.ടി യിൽ കൂടുതലായി ശ്രദ്ധ കേന്ദ്രീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിനെത്തുടർന്ന് ജി.എസ്.ടി നികുതിപിരിവിൽ കാര്യമായ വർദ്ധനയുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ